## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1972

22-01-2014 ൽ മറുപടിക്ക്

### ജനമൈത്രി എക്സൈസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. റ്റി.എൻ.പ്രതാപൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) | 'ജനമൈത്രി എക്സൈസ്' എന്ന ആശയത്തിന്റെ ആദ്യപടിയായി 'ജനമൈത്രി എക്സൈസ് സ്ക്വാഡ്, അട്ടപ്പാടി' എന്ന പേരിൽ, അട്ടപ്പാടിയിൽ ഒരു എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കാമോ ;<br><br>സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | ബി) യും<br><br>സി) യും | വർദ്ധിച്ചുവരുന്ന മദ്യത്തിന്റേയും മയക്കു മരുന്നിന്റേയും ഉപയോഗം തടയുന്നതിനായി, എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ടിയാണ് 'ജനമൈത്രി എക്സൈസ്' രൂപീകരിക്കുന്നത്. മദ്യമയക്കുമരുന്നുകളുടെ ഉപഭോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി അവരുടെ സഹകരണത്തോടു കൂടിയാണ് 'ജനമൈത്രി എക്സൈസ്' പ്രവർത്തിക്കുവാനുദ്ദേശിക്കുന്നത്. |
| ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ, ഒരു എക്സൈസ് ഇൻസ്പെക്ടർ, ഒരു അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, മൂന്ന് പ്രിവന്റീവ് ഓഫീസർമാർ, എട്ട് സിവിൽ എക്സൈസ് ഓഫീസർമാർ, ഒരു എക്സൈസ് ഡ്രൈവർ എന്നീ ഉദ്യോഗസ്ഥർ അടങ്ങിയ പതിനഞ്ചംഗ ടീമാണ് ഇപ്പോൾ 'ജനമൈത്രി എക്സൈസ്, അട്ടപ്പാടി' എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ